PENCIL

Process Ensuring for Natural Classroom Interaction and Learning

DIET MALAPPURAM

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണ രേഖ (കരട്)

| ക്ലാസ് : 3 | യൂണിറ്റ് 2 – മാനത്തിന്റെ മടിത്തട്ടിൽ | മൊഡ്യൂൾ 2. കുട്ടികളും പക്ഷികളും |
|---|---|---|

| | |
|---|---|
| ആമുഖം | വൈലോപ്പിള്ളി ശ്രീധരമേനോന്റെ കുട്ടികളും പക്ഷികളും എന്ന കൃതിയിൽ നിന്നെടുത്ത ഭാഗം. കിളികളുടെ ഭംഗിയും നൈർമല്യവും സ്വാതന്ത്ര്യ ദാഹവും വർണ്ണിക്കുന്ന കവിത. ലാളിത്യം കൊണ്ടും നിരീക്ഷണ പാടവം കൊണ്ടും ഏറെ മികവുറ്റ കവിത. കവിതാരചന, വിവരണം, എന്നിവയാണ് പ്രധാന വ്യവഹാരരൂപങ്ങൾ |
| ആശയം | സ്വാതന്ത്ര്യവും ആത്മാഭിമാനവും ഓരോ ജീവിയുടെയും അവകാശമാണ്.എല്ലാ ജീവികളും സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നു.പക്ഷികൾ കഥാപാത്രങ്ങളായി വരുന്ന ധാരാളം രചനകളുണ്ട്. |
| പഠന നേട്ടം | കവിതകൾ കേട്ട് ആസ്വദിക്കുകയും ആശയമുൾക്കൊണ്ട് ഈണം, താളം, ഭാവം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുകയും ചെയ്യുന്നു. ലഘു കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു. സമാന താളത്തിൽ ചൊല്ലാവുന്ന കവിതകൾ രൂപപ്പെടുത്തുന്നു. ലഘു വിവരണം തയ്യാറാക്കുന്നതിന്. |
| വ്യവഹാര രൂപം | കവിത, സംഭാഷണം, വിവരണം |
| സാമഗ്രികൾ | സമാന കവിതകൾ ടീച്ചർ വേർഷൻ കവിത, വിവരണം |
| പ്രതീക്ഷിത സമയം | 7 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1. കവിതയിലേക്ക്<br>2. കവിതാ വായന<br>3. കണ്ടെത്താം ചൊല്ലാം<br>4.വിശകലന ചോദ്യങ്ങൾ<br>5.കവിതാലാപനം<br>6.ചിത്രത്തിൽ നിന്നും കഥ<br>7.കവിതാ രചനയും എഡിറ്റിംഗും,<br>8.ചൊല്ലാം രസിക്കാം<br>9. പക്ഷി ചൊല്ലുകൾ<br>10. നമ്മുടെ പക്ഷികൾ<br>11. നിറം കൊടുക്കാം<br>12. അഭിനയിക്കാം<br>13. വിവരണം<br>14. എഡിറ്റിംഗ്<br>15. ആൽബം നിർമ്മിക്കാം |
| വായനാ സാമഗ്രി | വൈലോപ്പിള്ളിയുടെ കുട്ടിക്കവിതകൾ |

| | |
|---|---|
| ചുമർ പത്രം | കുട്ടികൾ രചിച്ച മികച്ച കഥകൾ, കവിതകൾ, സംഭാഷണം, ചിത്രങ്ങൾ |
| ദിനാചരണം | |
| സി പി ടി എ | കുട്ടികളുടെ പ്രകടനം, പ്രദർശനം, അമ്മമാരുടെ വായന |

**പ്രർത്തനങ്ങൾ - സൂക്ഷ്മ പ്രക്രിയ**

**1. കവിതയിലേക്ക് (15 മിനുട്ട്)**

നിങ്ങൾക്കറിയാവുന്ന കിളികളുടെ പേരു പറയുക. ടീച്ചർ ബോർഡിലെഴുതുക. നാലഞ്ചു കിളികളുടെ പേരിനുചുറ്റും ടീച്ചർ വട്ടമിടുന്നു. അവയുടെ പ്രത്യേകതകൾ എഴുതണം. ഒരാൾ ഒരുപക്ഷിയുടേത് എഴുതിയാൽ മതി ഒരേ പക്ഷിയുടെ പേർ തെരെഞ്ഞെടുത്തവർ ഗ്രൂപ്പാകുന്നു. ചർച്ച. പൊതുഅവതരണം.

മഞ്ഞക്കിളി
അരിപ്രാവ്
കാക്ക
തത്ത
മൈന

കുട്ടികൾ പറയുന്ന പ്രത്യേകത ബോർഡിൽ എഴുതുന്നു. എങ്ങനെ ഉറപ്പാക്കാം. കവിതാ വായനയിലേക്ക് നയിക്കുന്നു.

**2.കവിതവായന (30 മിനിട്ട്)**

വ്യകതിഗത വായന (5 മനുട്ട്)
കിളികളുടെ സവിശേഷതകൾ കണ്ടെത്തണം. കണ്ടെത്തിയവർപറയുന്നു. മുൻ പ്രവർത്തനത്തിൽ കണ്ടെത്തിയവക്കുനേരെ എഴുതുന്നു.വ്യത്യാസമുണ്ടോ എന്ന്
പരിശോധന.
എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ?
എല്ലാവർക്കും കണ്ടെത്താൻ കഴിയേണ്ടേ?
എന്തുകൊണ്ട് കണ്ടെത്താനായില്ല.?
(അർത്ഥം അറിയില്ല, വായിക്കാനാറിയില്ല, ആശയം ഗ്രഹിക്കാനായില്ല) എങ്ങനെ ആശയമുറപ്പിക്കാം?
ഒരിക്കൽ കൂടി വായിക്കുക അറിയുന്നത് (✓) അറിയാത്തത്(☒) ഇഷ്ടപ്പെട്ടത് (-) പെൻസിൽ കൊണ്ട് അടയാളപ്പെടുത്തുന്നു.
അറിയാത്ത പദങ്ങൾ, പ്രയോഗങ്ങൾ പദശേഖര പുസ്തകത്തിൽ കുറിക്കുന്നു.
ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് അവതരണം ചർച്ച. അറിയാത്തത് രേഖപ്പെടുത്തുന്നു.
പൊതു അവതരണം ചർച്ച
ടീച്ചർ ഇടപ്പെടുന്നു. വ്യകതത വരുത്തുന്നു.

ടീച്ചർ ബോർഡിൽ കുറെ പദങ്ങൾ എഴുതുന്നു. (ന്യായം, മനസ്സ്, ശരീരം,മധുരിക്കുക,ആഗ്രഹം, ഭംഗി,കിളി,കുട്ടികൾ, ജ്യേഷ്ടൻ) ഇവയ്ക്കു പകരമുള്ള വാക്കുകൾ കവിതയിൽനിന്നും കണ്ടെത്തുന്നു (5 മിനിട്ട്) തുടർന്ന് പദ പയറ്റ് നടത്തി ഏത് ഗ്രൂപ്പാണ് വിജയിക്കുന്നത് എന്ന് കണ്ടെത്തണം. അതിനു ശേഷം പുസ്തകത്തിലെ പേജ് 30 ലും പദശേഖരത്തിലും ശരിയുത്തരം എഴുതുകയും വേണം.

### 3.കണ്ടെത്താം ചൊല്ലാം (20 മിനിട്ട്)(പാ.പു 30)

ചോദ്യം കുട്ടികൾ വായിച്ച് എന്തുചെയ്യണമെന്നു പറയട്ടെ (5 മിനുട്ട്)
അറിയുന്നില്ലെങ്കിൽ ടീച്ചർ ആശയഗ്രഹണത്തിനു സഹായിക്കുന്ന രീതിയിൽ ഇടപെടണം( ചോദ്യം വായിച്ച് മനസ്സിലാക്കുവാനുള്ള ശേഷി സ്വയം വികസിക്കുന്നതിന് വേണ്ടിയാണിത്)

- കുട്ടികൾ ആശയത്തിനനുയോജ്യമായ വരികൾ കണ്ടെത്തുന്നു.(5 മിനിട്ട്)
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. പൊതുഅവതരണം (10 മിനുട്ട്)
- ടീച്ചർ ക്രോഡീകരിക്കുന്നു.

### 4. വിശകലന ചോദ്യങ്ങൾ (40 മിനിട്ട്)

- മഞ്ഞക്കിളിയെ മഞ്ഞയുടുപ്പിൻ കരിയുമായി എന്ന് പറയുന്നത് എന്തുകൊണ്ട്?6. -
- അയ്യാ! രസമിതാ മെയ്യാകെ വെള്ളയായ് കയ്യാലമേൽ രണ്ടരിപ്പിറാക്കൾ . ഈ വരികളുടെ ഭംഗി വിശദമാക്കുക
- ഈ കവിതയിൽ കുട്ടികളുടെ താല്പര്യങ്ങൾഅറിയുന്ന ഒരാൾക്ക് മാത്രമേ ഇതിലെ ചിലവരികൾ എഴുതാൻ കഴിയൂ. ഏതാണാവരികൾ?
- സാഹസം ചെയ്യൊല്ല എന്നു കവി പറയുന്നത് എന്ത് കൊണ്ട് ?

ചോദ്യ ചാർട്ട് പ്രദർശിപ്പിക്കുന്നു.
കുട്ടികൾ വ്യകതിഗതമായി ഉത്തരമെഴുതുന്നു (10 മിനുട്ട്)
ഗ്രൂപ്പിൽ (3 അംഗം) വായിച്ചു അവതരണം- മെച്ചപ്പെടുത്തൽ
ടീച്ചർ ആവശ്യമായ ഗ്രൂപ്പുകളിൽ ഇടപെടുന്നു.
പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.
ഉത്തര ചാർട്ട് പ്രദർശിപ്പിച്ച് വിശദീകരിക്കുന്നു.

### ടീച്ചർ വേർഷൻ

1.ശരീരത്തിൽ മഞ്ഞ നിറത്തിനിടയിൽ കറുപ്പ് വന്നതിനാലാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്. കവിയുടെ സൂക്ഷ്മമായി കാണാനുള്ള കഴിവ് വ്യക്തമാണ്.2. അയ്യാ, മെയ്യ്, കയ്യാല തുടങ്ങിയ പദങ്ങളുടെ തെരെഞ്ഞെടുപ്പും ശബ്ദ സൗന്ദര്യവും വരികളെ മികവുറ്റതാക്കുന്നു.സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷ ലളിതവും ആശയം വ്യക്തമാക്കാൻ സഹായിക്കുന്നതുമാണ്. അരിപ്പിറാക്കളെ നേരിൽ കാണുന്ന അനുഭവം ഈ വരികൾ ഒരുക്കുന്നു.3. നമുക്ക് ഈ അരിപ്രാവുകളെ കൂട്ടിലിട്ടു വളർത്താം എന്ന ചിന്ത കുട്ടിത്തത്തിന്റേതാണ്. അതിനുള്ള കാരണവും ആ വരികളിൽ സൂചിപ്പിക്കുന്നു. നമ്മോട് ഏറെ ഇണങ്ങുന്ന പക്ഷിയാണ് അരിപ്പിറാവ്.4.
പക്ഷികൾ ജന്മനാ സ്വതന്ത്രരാണ്. അതിരില്ലാത്ത ആകാശം അവരുടേതാണ്. സ്വാതന്ത്ര്യം എല്ലാവർക്കും ജീവവായുവാണ്. പക്ഷികൾക്ക് പ്രത്യേകിച്ചും. അവയെ പിടിച്ച് കൂട്ടിലടക്കുന്നത് സാഹസമാണ്. അങ്ങനെ ചെയ്യരുതേ
വർക്ക്ഷീറ്റ് 3102 ടി.ടി പേജ് 120 വിതരണം ചെയ്യുന്നു.
വ്യക്തിഗത രചന

ഗ്രൂപ്പിൽ അവതരണം
പൊതു അവതരണം
ചർച്ച മെച്ചെടുത്തൽ

- ഠ വിട്ടയക്കുക കൂട്ടിൽ നിന്നെന്നെ ഞാ-
  നൊട്ടുവാനിൽ പറന്നു നടക്കട്ടെ

- ഠ പാണ്ടൻ പൂച്ച പിടിച്ചോട്ടെ
  പരുന്ത് കൊത്തി തിന്നോട്ടെ
  സ്വാതന്ത്ര്യത്തിലെയാപത്തിൻ സ്വാദററിയാനാണെൻ മോഹം

- ഠ സാഹസം ചെയ്യൊല്ല, പക്ഷികൾക്കു
  സ്വാതന്ത്ര്യമല്ലയോ ജീവവായു

ഈ വരികളിൽ വിവരിക്കുന്ന ആശയമെന്ത്?
ഈ ആശയത്തോട് നിങ്ങളുടെ അഭിപ്രായവും രേഖപ്പെടുത്തണം

..............................................................................................................................

..............................................................................................................................

സമാന ആശയമുള്ള വരികൾ കണ്ടെത്തി സ്വന്തമായി എഴുതുക

..............................................................................................................................

..............................................................................................................................

## 5.കവിതാലാപനം (30 മിനുട്ട്)

കുട്ടികളും പക്ഷികളും എന്ന കവിതയുടെ പലകുറിവായനയും ആശയ ഗ്രഹണവും ആസ്വാദന തലത്തിലുള്ള വായനയും കഴിഞ്ഞു. ഇനി അനുയോജ്യമായ ഈണം കണ്ടെത്തി ആലാപനം നടത്തണം. ആദ്യം വ്യക്തിഗതമായി ഈണം കണ്ടെത്തണം. കവിതയുടെ ആശയം ഭാവം എന്നിവ പരിഗണിച്ചു വേണം ഈണവും താളവും നൽകുന്നത്. (10 മിനുട്ട്)
തുടർന്ന് 3 അംഗ ഗ്രൂപ്പിൽ കവിത ഈണത്തിൽ ചൊല്ലുന്നു.
ആശയത്തിനിണങ്ങുന്നത്
സംഭാഷണ രൂപത്തിലുള്ളത്.
ആശയവ്യക്തതയുള്ളത്
സൂചകം വെച്ച് വിലയിരുത്തുന്നു, പരസ്പരം മെച്ചപ്പെടുത്തുന്നു

തുടർന്ന് ഗ്രൂപ്പിലെ മികച്ചവ അവതരണം. സൂചകം വെച്ച് വിലയിരുത്തുന്നു. മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ നൽകുന്നു.
ടീച്ചറുടെ ആലാപനം - കുട്ടികൾ വിലയിരുത്തുന്നു.
താരതമ്യം ചെയ്ത് നിർദ്ദേശങ്ങൾ പറയുന്നു.
വീണ്ടും കുട്ടികൾ ജോഡികളായി ഒഴിവു സമയങ്ങളിൽ ആലപിക്കുന്നു. സർഗ്ഗവേള, സിപിടിഎ എന്നിവയിൽ ആലപിക്കാൻ അവസരം ഒരുക്കണം.

### 6.ചിത്രത്തിൽ നിന്നും കഥ

പാഠ പുസ്തകം പേജ് 31 ലെ ചിത്രങ്ങൾ നോക്കി കഥ തയ്യാറാക്കണം

ചിത്രത്തിൽ എന്തെല്ലാം? സൂക്ഷ്മമായി നോക്കി കഥ എഴുതുന്നു. വ്യകതിഗതം (10 മിനുട്ട്)


തയ്യാറാക്കിയ കഥ 3 അംഗ ഗ്രൂപ്പിൽ അവതരണം. ചർച്ച

കഥയുടെ സൂചകങ്ങൾ വെച്ച് വിലയിരുത്തൽ

- ചിത്രവുമായുള്ള ബന്ധം,
- തുടക്കവും ഒടുക്കവും,
- അനുയോജ്യമായ തലക്കെട്ട്,
- ഭാവന

ഗ്രൂപ്പിൽ മികച്ച കഥ, പൊതു അവതരണം, ചർച്ച, മെച്ചപ്പെടുത്തൽ,

ടീച്ചർ വേഷൻ അവതരണം - ചർച്ച



കുട്ടികൾ സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു കുട്ടികളുടെ ഒരു രചന പൊതുവായി എഡിറ്റ് ചെയ്യുന്നു.

### 7.കവിതാ രചനയും എഡിറ്റിങ്ങും (30 മിനുട്ട്)

പക്ഷികളെ കുറിച്ച് ധാരാളം കഥകളും കവിതകളും നാം പഠിച്ചു. അവയിലൊന്നിനെ കവിത യായി എഴുതി നോക്കിയാലോ.

കവിത എഴുതുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം

- ഒരു നല്ല ആശയം വേണം
- സന്ദർഭം ഒരുക്കണം
- കഥാ പാത്രങ്ങൾ
- ഈണവും താളവും കണ്ടെത്തണം
- ഉറുമ്പിനെ രക്ഷിച്ച കിളിയെ ഉറുമ്പും രക്ഷിച്ചു.

കാട്, പുഴ, പുഴയിലേക്ക് ചാഞ്ഞിരിക്കുന്ന മരം കിളി, ഉറുമ്പ്, വേടൻ

**വ്യക്തിഗത രചന (15 മിനുട്ട്)**

3 അംഗ ഗ്രൂപ്പിൽ അവതരണം - ചർച്ച - മെച്ചപ്പെടുത്തൽ

കവിതയുടെ സൂചകങ്ങൾ വെച്ച് വിലയിരുത്തണം.
ഗ്രൂപ്പിൽ മികച്ചത് പൊതു അവതരണം.
മറ്റു ഗ്രൂപ്പുകൾ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു.
ടീച്ചർ വേഷൻ അവതരണം

**കട്ടുറുമ്പിനു സന്തോഷം** 3155

നേരം സന്ധ്യ മയങ്ങുമ്പോൾ
ഇരകിട്ടാതെ വലഞ്ഞീടും
വേടൻ കണ്ടു കിളിയൊന്ന്
പുഴയോരത്തെ മരത്തിന്മേൽ
പമ്മി പ്പമ്മിയിരിക്കുന്ന
ുതോക്കാൽ ലാക്കുകുറിക്കുന്നു
കാഞ്ചിവലിക്കും നേരത്ത്
കട്ടുറുമ്പുകടിക്കുന്നു

ഉന്നം തെറ്റി പോകുന്നു
കിളിയും പാറിപ്പോകുന്നു
തന്നെ രക്ഷിച്ചൊരു കിളിയെ
തന്നാൽ രക്ഷിക്കാനായി
കിളിയിതറിഞ്ഞില്ലെന്നാലും
കട്ടുറുമ്പിനു സന്തോഷം

സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു- മെച്ചപ്പെടുത്തുന്നു - ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റ് ചെയ്യുന്നു. (ആശയം, വാക്യ ഘടന, പദം, അക്ഷരം, വ്യവഹാര രൂപം)
മെച്ചപ്പെടുത്തി എഴുതുന്നു.

## 8. ചൊല്ലാം രസിക്കാം (20 മിനുട്ട്)

പാഠ പുസ്തകം പേജ് 32 ലെ കവിത വ്യക്തിഗതമായി വായിക്കുന്നു. ചില ആശയ ഗ്രഹണ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. (ടീച്ചർ ബോർഡിൽ എഴുതണം)
കവിതയിലെ പ്രധാന ആശയം എന്ത്
രസക്കുടുക്ക ആനന്ദപാൽക്കടൽ കണ്ണും കരളും എന്നൊക്കെ വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?
കുട്ടികൾ പ്രതികരിക്കുന്നു ടീച്ചർ കൂട്ടിച്ചേർക്കുന്നു
കവിതക്ക് കുട്ടികൾ ഈണം കണ്ടെത്തുന്നു.
ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു മികച്ചത് കണ്ടെത്തുന്നു
പൊതു അവതരണം - ചർച്ച
ടീച്ചറുടെ അവതരണം ചർച്ച
വായനയുടെ വഴിയിലേക്ക് 3156, 3157 എന്നിവ നൽകുന്നു വ്യക്തിഗതമായി എഴുതുന്നു- ഗ്രൂപ്പ്-പൊതു അവതരണം, ചർച്ച.

## 9. പക്ഷിച്ചൊല്ലുകൾ (15 മിനുട്ട്)

പക്ഷികളുമായി ബന്ധപ്പെടുത്തി ധാരാളം ചൊല്ലുകൾ നമ്മുടെ നാട്ടിലുണ്ട് അവയിൽ ചിലതൊക്കെ നിങ്ങൾക്കറിയാം പറഞ്ഞു നോക്കൂ.
കുട്ടികൾ പറയുന്നു
ഒന്നു രണ്ടെണ്ണം ബോർഡിലെഴുതുന്നു

- അരിയെറിഞ്ഞാൽ ആയിരം കാക്ക
- കാക്കകുളിച്ചാൽ കൊക്കാകുമോ?
- കാക്കക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്

തുടർന്ന് ലൈബ്രറി വീട് എന്നിവടങ്ങളിൽ നിന്നും ശേഖരിച്ച് വികസിപ്പിക്കുന്നു. അടുത്ത ദിവസം ഗ്രൂപ്പിൽ പങ്കുവെച്ച് ഓരോ ഗ്രൂപ്പും പക്ഷിയുമായി ബന്ധപ്പെട്ട ചൊല്ലുകൾ തയ്യാറാക്കുന്നു.

വർക്ക് ഷീറ്റ് 3103 കടങ്കഥ ശേഖരിക്കൽ – അവതരണം

## 10. നമ്മുടെ പക്ഷികൾ (20 മിനുട്ട്)

പാഠ പുസ്തകം പേജ് 32 ലെ പ്രവർത്തനം വായിച്ച് എന്തുചെയ്യണമെന്ന് സ്വയം കണ്ടെത്തുന്നു.
ഒന്ന് രണ്ട് പേരോട് ചെയ്യേണ്ടതെന്തെന്ന് പറയിക്കുന്നു.
തുടർന്ന് ഗൃഹപാഠമായി നൽകുകയും അടുത്ത ദിവസം ഗ്രൂപ്പിൽ ചർച്ച ചെയ്യുകയും ചെയ്യുന്നു.
ഓരോരുത്തരും അവതരിപ്പിക്കണം
പൊതു ചർച്ച. ടീച്ചറുടെ അവതരണം ക്രോഡീകരണം

## 11. നിറം കൊടുക്കാം (ഗൃഹ പാഠം)

ഇഷ്ടമുള്ള പക്ഷിയുടെ ചിത്രം വരച്ച് നിറം കൊടുക്കണം. ആ പക്ഷിയോട് നിങ്ങൾക്ക് ഒരു പാട് കാര്യങ്ങൾ ചോദിക്കാനില്ലേ അവ എഴുതി നോക്കൂ.
താഴെ വ്യക്തിഗത രചന കുട്ടികൾക്ക് ഗൃഹ പാഠമായി ചെയ്യാം
അടുത്ത ദിവസം ഗ്രൂപ്പിൽ വായിച്ച് അവതരണം
ചർച്ച മെച്ചപ്പെടുത്തൽ

## 12. അഭിനയിക്കാം(30 മിനുട്ട്)

ചോദ്യം വായിച്ച് എന്തു ചെയ്യണെമെന്ന് കണ്ടെത്തി പറയുന്നു.
കുട്ടികൾ ചോദ്യം വായിക്കുന്നു
കുട്ടികൾ കിളിക്ക് നൽകുന്ന മറുപടി കണ്ടെത്തുന്നു.
തുടർന്ന് കൂടുതൽ സംഭാഷണം വ്യക്തിഗതമായി എഴുതുന്നു ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു
എല്ലാവരും പങ്കെടുക്കുന്നു എന്ന് ഉറപ്പാക്കണം
ഗ്രൂപ്പിന്റെ സംഭാഷണം ക്രോഡീകരിക്കുന്നു
തുടർന്ന് രണ്ട് പേർ അടങ്ങുന്ന ഗ്രൂപ്പിൽ (കുട്ടിയും പക്ഷിയും)
ഒരാൾ കുട്ടി മറ്റേയാൾ പക്ഷി റോൾ അഭിനയിക്കുന്നു.

തന്മയത്വത്തോടെ സംഭാഷണം പറയണം
അഭിനയിക്കണം, റിഹേഴ്സൽ നടത്തണം
പൊതുവായി ചില ഗ്രൂപ്പുകളുടെ അവതരണം
മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു
ഇതിനായി സൂചകം തയ്യാറാക്കുന്നു

സംഭാഷണം അവതരണമികവ്
അഭിനയത്തിന്റെ പൂർണ്ണത
ആശയ വ്യക്തത
അവതരിപ്പിച്ച ഗ്രൂപ്പുകൾക്ക് അഭിനന്ദനം നൽകുന്നു.

## 13. വിവരണം തയ്യാറാക്കാം (30 മിനുട്ട്)

11,12 പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു കിളിയേ വരച്ച് നിറം കൊടുത്തു ചില ചോദ്യങ്ങളും തയ്യാറാക്കി ഈ കിളിയെ കുറിച്ച് ഒരു വിവരണം തയ്യാറാക്കണം
വിവരണത്തിൽ എന്തെല്ലാം വേണം

പക്ഷിയുടെ പേര് , പ്രാദേശിക പേരുകൾ, താമസ സ്ഥലം, കൂടിന്റെ പ്രത്യേകത, കൂടുതലായി കാണുന്ന പ്രദേശം, ഭക്ഷണരീതി, എന്തെല്ലാം കഴിക്കുന്നു, തൂവലുകളുടെ സവിശേഷത, നിറം ശബ്ദം, പ്രത്യേകതകൾ, മറ്റു സവിശേഷതകൾ ചെറിയ വാക്യത്തിലെഴുതണം.

വ്യക്തിഗതമായി എഴുതുന്നു.
റഫറൻസ് ലൈബ്രറിയിൽ അന്വേഷിക്കുന്നു (ഗൃഹപാഠം)
അടുത്ത ദിവസം ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തുന്നു
പൊതു അവതരണം
ചർച്ച
ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു


ചെമ്പോത്ത് (ഉപ്പൻ)
കാക്കയുടെ വലിപ്പമുള്ള ഒരു പക്ഷിയാണ് ചെമ്പോത്ത്. ചുവന്ന കണ്ണുകൾ, തവിട്ട് നിറത്തിലുള്ള ചിറകുകൾ, കറുത്ത വാലും ശരീരവുമാണ് ഇവയ്ക്കുള്ളത്. ഉപ്.. ഉപ്.. ഉപ്.. എന്ന ശബ്ദമുണ്ടാക്കും. നമ്മുടെ നാട്ടിൽ ധാരാളമായി കാണാം. പ്രാണികളെയും ചെറു ജീവികളെയും ഭക്ഷിക്കുന്നു. ആൺ പക്ഷിയും പെൺപക്ഷിയും തമ്മിൽ കാഴ്ചയിൽ ഒരുപോലെയിരിക്കും.

സ്വന്തം രചനയുമായി കുട്ടികൾ താരതമ്യം ചെയ്യുന്നു
(ആശയ തലം, വാക്യ ഘടന, അക്ഷരം, വ്യവഹാര രൂപ തലം)

## 14. എഡിറ്റിംങ്ങ് (30 മിനുട്ട്)

ഒരു ഗ്രൂപ്പിന്റെ രചന പൊതു എഡിറ്റിങ്ങിനായി ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.
വിശകലനാത്മക ചോദ്യത്തിലൂടെ എഡിറ്റ് ചെയ്യുന്നു

**ആശയം:**

- എല്ലാ ആശയങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ?
- ആശയങ്ങലുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ?

**വാക്യഘടന**

- വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ?
- വാക്കുകൾ വിട്ട് പോയിട്ടുണ്ടോ?
- ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങളാണോ എഴുതിയത്?
- അർത്ഥ വ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

- അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?
- അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതയിട്ടുണ്ടോ?

**വ്യവഹാര രൂപം (വിവരണം)**

- വസ്തു നിഷ്ഠമായി ആശയങ്ങൾ എഴുതിയിട്ടുണ്ടോ?
- ആശയ വ്യക്തതയോടെ എഴുതിയിട്ടുണ്ടോ?
- ആശയ പൂർണ്ണതയുണ്ടോ?

കുട്ടികൾ സ്വന്തം രചന മെച്ചപ്പെടുത്തുന്നു. എഡിറ്റിങ്ങിലൂടെ ലഭിച്ച ആശയങ്ങൾ തുടർന്നുള്ള രചനകളിൽ പാലിക്കുന്നതിനു വേണ്ട ചർച്ച നൽകുന്നു.
മറ്റു രചനകൾ ഗ്രൂപ്പിൽ കൈമാറി എഡിറ്റു ചെയ്യുന്നു
മെച്ച പ്പെടുത്തി നോട്ടു പുസ്തകത്തിൽ എഴുതുന്നു

പ്രതികരണ പേജിലേക്ക്

- കുട്ടികൾ ഈ പ്രവർത്തനം ഏറ്റെടുത്തുവോ?
- സ്വന്തമായ തിരിച്ചറിവ് എന്ത്?

## 15. ആൽബം നിർമ്മിക്കാം (ഗൃഹ പാഠം)

കഴിയുന്ന അത്ര പക്ഷികളുടെ ചിത്രങ്ങളും അവയുടെ സവിശേഷതകളും രീതികളും കണ്ടെത്തി എഴുതുന്നു.
ക്ലാസ്സിൽ ആൽബം തയ്യാറാക്കുന്നു.
പ്രകാശനം നടത്തുകയും വായനാ മൂലയിൽ നിന്നും എടുത്ത് വായിക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യുന്നു.